**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1559** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കെ.സി.പി. എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. സുമോദ് ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** 2025-26 ബജറ്റിൽ വകയിരുത്തി കായിക വകുപ്പ് നടപ്പിലാക്കിവരുന്ന തരൂർ നിയോജകമണ്ഡലത്തിലെ കാവശ്ശേരി കെ.സി.പി. എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ കെ.സി.പി.എച്ച്.എസ്.എസ് കളിസ്ഥലം വികസന പ്രവൃത്തിക്കായി 15.01.2025 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ടി പദ്ധതിയിൽ മഡ് ഫുട്ബോൾ കോർട്ട്, മഡ് വോളീബോൾ കോർട്ട്, ആർ.സി.സി.സ്റ്റെപ്പ് ഗ്യാലറി, ഡ്രെയിൻ, ഫെൻസിംഗ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ഗ്യാലറി, ഡ്രെയിനേജ് എന്നീ ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. പ്രസ്തുത ഗ്രൗണ്ടിന്റെ മൂന്ന് ഭാഗങ്ങളിലും സ്കൂൾ കെട്ടിടങ്ങൾ നിലനിൽക്കുന്നതിനാൽ പ്രവൃത്തിക്ക് തടസ്സം നേരിടുന്നുണ്ട്. പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**